# Deepika

## 17 July 2018

## Muvattupuzha, Heavy Rain, Flood Victims

### എംഎൽഎയുടെ വീടും വെള്ളത്തിൽ

**മൂവാറ്റുപുഴ:** മൂവാറ്റുപുഴയാർ കരകവിഞ്ഞതോടെ എംഎൽഎയുടെ വീടും പരിസരവും വെള്ളത്തിൽ. പെരുമ്പാവൂർ എംഎൽഎ എൽദോസ് കുന്നപ്പിള്ളിയുടെ മാറാടിയിലുള്ള വീടും പരിസരവുമാണ് കനത്ത മഴയിൽ വെള്ളത്തിലായത്. ഇതേത്തുടർന്നു ഇന്നലത്തെ പൊതുപരിപാടികളെല്ലാം റദ്ദു ചെയ്ത് രാവിലെ തന്നെ നാട്ടിലെത്തിയ എംഎൽഎ ഒരു വള്ളം സംഘടിപ്പിച്ചു. രാവിലെ മുതൽ സ്വന്തം കുടുംബാംഗങ്ങളെയും നാട്ടുകാരെയും വള്ളത്തിൽ കയറ്റി സമീപത്തെ വീടുകളിലും മറ്റും എത്തിച്ചു. വെള്ള ഖദർ ഷർട്ട് മാറ്റി കറുത്ത ടീ ഷർട്ട് ധരിച്ച് എംഎൽഎ വള്ളവുമായി വെള്ളത്തിൽ ഇറങ്ങിയത് സമീപവാസികളിലും കൗതുകമുണർത്തി.



**എൽദോസ് കുന്നപ്പിള്ളി എംഎൽഎ മാറാടിയിലുള്ള തന്റെ വീട്ടിൽ വെള്ളം കയറിയതിനെ തുടർന്ന് വീട്ടുകാരെ വള്ളത്തിൽ കയറ്റി സുരക്ഷിതസ്ഥാനത്തേക്ക് മാറ്റുന്നു.**

നാട്ടുകാരും എംഎൽഎയോടൊപ്പം കൂടിയതോടെ വെള്ളം കയറിയ വീടുകളിലുള്ളവരെയെല്ലാം ഒഴിപ്പിക്കാനായി.